Syro Malabar Commission for Liturgy



# കൈത്തക്കാലം

"കൈത്ത" എന്ന സുറിയാനി വാക്കിന് വേനൽ എന്നാണല്ലോ അർത്ഥം. വേനൽക്കാലത്താണല്ലോ വൃക്ഷലതാദികൾ കൂടുതലായി ഫലം പുറപ്പെടുവിക്കുന്നത്. ദൈവികവെളിപാടിനെ മനസ്സിലാക്കാൻ മനുഷ്യനെ സഹായിക്കുന്ന രണ്ടു മാർഗ്ഗങ്ങളാണ് പ്രകൃതിയും വി.ഗ്രന്ഥവുമെന്ന് സുറിയാനി സഭാപിതാവായ മാർ അപ്രേം പറയുന്നു. പ്രകൃതിയിൽനിന്ന് ഭക്ഷണവും പോഷകങ്ങളുമൊക്കെ സ്വീകരിച്ച് വളർന്ന് ഫലങ്ങൾ പുറപ്പെടുവിക്കുന്ന ചരാചരങ്ങളെ കാണുന്ന വിശ്വാസി , അതിലും എത്രയോ അധികമായി നന്മയുടെ ഫലങ്ങൾ പുറപ്പെടുവിക്കാൻ ദൈവം നട്ടുവളർത്തിയ മുന്തിരിചെടിയായ (ഏശ 5-2) തനിക്കു സാധിക്കേണ്ടതാണ് എന്നു ധ്യാനിക്കുന്ന കാലമാണ് കൈത്തക്കാലം.

സഭ വളർന്ന് ഫലം പുറപ്പെടുവിക്കുന്നതാണ് ഇവിടെ നമ്മൾ പ്രധാനമായി അനുസ്മരിക്കുന്നത്. ഓരോ വിശ്വാസിയുടെയും വളർച്ച, സഭയിലും സഭയോട് ചേർന്നുമാണ് നടക്കുന്നത്. സഭ വളരുന്നത് റൂഹായാൽ അഭിഷക്തരായ ശ്ലീഹൻമാരുടെ സുവിശേഷപ്രഘോഷണത്തിന്റെ ഫലമായാണ്. സഭയാകുന്ന ഭവനത്തിന്റെ മൂലക്കല്ല് മിശിഹായാണ്; അടിത്തറ ശ്ലീഹൻമാരും. അങ്ങനെ സഭയുടെ സജീവശിലകളായിത്തീർന്ന വിശുദ്ധരെയും രക്തസാക്ഷികളെയും ഇക്കാലത്തെ വെള്ളിയാഴ്ചകളിൽ പ്രത്യേകമായി നാം അനുസ്മരിക്കുന്നു. അഞ്ചാം വെള്ളിയാഴ്ചയിലെ വിശുദ്ധ ശ്മോനിയുടെയും ഏഴുമക്കളുടെയും ഓർമ്മ, അനുദിന ജീവിതസാഹചര്യങ്ങളിൽ ഈശോക്ക് വേണ്ടി ജീവിക്കുന്നതിലടങ്ങിയിരിക്കുന്ന രക്തസാക്ഷിത്വം സ്വീകരിക്കാൻ ഓരോ സഭാംഗത്തിനുമുള്ള സാധ്യതയും കടമയും അനുസ്മരിപ്പിക്കുന്നു. കർത്താവിനുവേണ്ടി ജീവിക്കാനും വേണ്ടിവന്നാൽ മരിക്കാനും പ്രചോദിപ്പിക്കാൻ തക്ക വിശ്വാസബോധ്യം മക്കൾക്കു കൈമാറാൻ മാതാപിതാക്കൾക്ക് ആവുന്നുണ്ടോ എന്ന ചോദ്യവും ഈ തിരുനാൾ അവശേഷിപ്പിക്കുന്നുണ്ട്.

കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തെ അനുസ്മരിക്കുന്ന ഏലിയാ സ്ലീവാ മൂശക്കാലത്തിനുള്ള ഒരുക്കവുമാണ് കൈത്തക്കാലം. ശ്ലീഹന്മാരുടെ പ്രബോധനം, സഭയോടുള്ള കൂട്ടായ്മ, പ്രാർഥന, വിശുദ്ധകുർബാനയിലുള്ള സജീവ ഭാഗഭാഗിത്വം എന്നിവ മുഖേന വിശ്വാസജീവിതത്തിൽ വളർന്ന്, കൂദാശകളാൽ , പ്രത്യേകിച്ച്, മിശിഹായുടെ തിരുശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെട്ടവരാണ് കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തിൽ അവനെ സ്വീകരിക്കാൻ യോഗ്യരാകുന്നത്. അങ്ങനെ ശ്ലീഹാക്കാലത്തോടും ഏലിയാ സ്ലീവാ മൂശക്കാലത്തോടും കൈത്തക്കാലം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

തയ്യാറാക്കിയത്:
ഫാ.ഡൊമിനിക് മുരിയൻകാവുങ്കൽ
11-07-2022

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,
കാക്കനാട്

Read more www.syromalabarliturgy.org